بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 25/03/2016

**(15 JAMADUL AAKHIR 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## “KHATAM - AN-NABIYYINE AND THE ADVENT OF PROPHETS PART 1 ”/ ഖാത്തമുന്നബിയ്യീനും പ്രവാചകന്മാരുടെ ആഗമനവും ഭാഗം 1

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്‌ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ഖാത്തമുന്നബിയ്യീനും പ്രവാചകന്മാരുടെ ആഗമനവും എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. അഹ്‌മദീ മുസ്ലീംകളും സലഫി മുസ്ലീംകളും അതോടൊപ്പം മറ്റു മുസ്ലീം സംഘങ്ങളും വാതപ്രതിവാദങ്ങൾ നടത്തപ്പെടുന്നതിനാൽ, ഇന്നത്തെ എന്റെ ജുംഉം ആ ഖുത്തുബയുടെ വിഷയം പ്രവാചകത്വവും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ഖാത്തമുന്നബിയ്യീൻ എന്ന സ്ഥാനത്തെ കുറിച്ചുമാകട്ടെ എന്നു കരുതി.

കഴിഞ്ഞ നൂറ്റാണ്ടിലെ വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്‌മദ് (അ) ന് ലഭിച്ചതു പോലെ വെളിപാടുകളിലൂടെ, ദൈവീകാനുഗ്രഹമാകുന്ന, നബി, റസൂൽ എന്നീ പദവികൾ, ഒരു പ്രാവശ്യമല്ല, പല പ്രാവശ്യം അല്ലാഹു എനിക്കും നൽകിയിരിക്കുന്നു. ഒരു സന്ദേശ വാഹകൻ ഒരു പ്രവാചകനുമാകാവുന്നതാണ്. പല പ്രാവശ്യം എന്റെ പ്രിയ സൃഷ്ടാവ് എന്നെ റസൂൽ എന്ന സംബോധന ചെയ്തിട്ടുണ്ട്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ഖാത്തമുന്നബിയ്യീൻ ആണെന്ന് നാം സമ്മതിക്കുകയാണെങ്കിൽ പോലും, അദ്ദേഹത്തിന് ശേഷം മറ്റൊരു പ്രവാചകനും ലോകത്ത് വരാവതല്ല എന്നു സമ്മതിക്കുന്നതിനോടൊപ്പം, ഞാനൊന്നു പറഞ്ഞു കൊള്ളട്ടെ, പഴയതോ പുതിയതോ ആയ ഒരു പ്രവാചകനും വരാൻ പറ്റില്ലല്ലോ എന്ന് എന്റെ എതിരാളികൾ സമ്മതിക്കേണ്ടതല്ലേ ? വാഗ്ദത്ത മസീഹിനെ വിശ്വസിക്കുന്നവരും അത് അംഗീകരിക്കേണ്ടതല്ലേ ? മുഹമ്മദൻ പ്രവാചകൻമാരെക്കുറിച്ച് കുഫ്റിനാൽ ദുരാരോപണം നടത്തുകയും കുറ്റപ്പെടുത്തുകയും ചെയ്യുമ്പോൾ, അവർ ഒരു കാര്യം മറന്നു പോകുന്നു; അതായത് കഴിഞ്ഞു പോയ ഒരു സമുദായത്തിലെ ഒരു പ്രവാചകന്റെ ആഗമനത്തെ അവർ പ്രതീക്ഷിക്കുന്നു. മുഹമ്മദ് (സ) ന്റെ സമ്പൂർണ്ണ ഉമ്മത്തിനെ നവീകരിക്കുവാൻ, ഇതൊരു വിരോധാഭാസമല്ലേ ?

ഈസ (അ) ന്റെ വരവിനെ അവർ പ്രതീക്ഷിക്കുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ ആദ്യം വന്ന ആളിന്റെ പ്രവാചകത്വത്തിന്റെ തുടർച്ചയെ അവർ വിശ്വസിക്കുന്നു. 40 വർഷക്കാലം ലഭിച്ച ദൈവീക വെളിപാടുകളിൽ അവർ വിശ്വസിക്കുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യ്ക്ക് ലഭിച്ചതിനെക്കാൾ കൂടുതൽകാലം ലഭിച്ച വെളിപാടുകൾ! ഇത്തരം വിശ്വാസം വ്യക്തമായും തെറ്റാണ്. കാരണം വിശുദ്ധ ഖുർ ആൻ വചനം ഇത്തരം വിശ്വാസത്തെ നിരാകരിക്കുന്നു. **“മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. പക്ഷെ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടെയും മുദ്രയുമാകുന്നു. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിയുന്നവനാകുന്നു.”** (33:41) താഴെപ്പറയുന്ന പ്രവാചക വചനത്തിൽ **“എനിക്ക് ശേഷം പ്രവാചകനില്ല” ഞാൻ വിശുദ്ധ ഖുർ ആനുമായും ഹദീസുമായും സമ്പൂർണ്ണമായി യോജിക്കുകയാണ്.**

വിശുദ്ധ ഖുർ ആനിലെ ഈ വചനം ഒരു മഹത്തായ പ്രവചനം ഉൾക്കൊള്ളുന്നതാണ്. എന്റെ എതിരാളികളുടെ ശ്രദ്ധ അതിൽ പതിഞ്ഞിട്ടില്ല. ഇതുകൊണ്ട് അർത്ഥമാക്കുന്നത് വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ വഫാത്തിന് ശേഷം, ഒരു മതത്തിലേയും ഒരംഗത്തിനും ഇസ്ലാം ഒഴികെ പ്രവാചകത്വ പദവിയാകുന്ന അനുഗ്രഹം ലഭ്യമല്ല. അത് ഹിന്ദുവാകട്ടെ, ജൂതനാകട്ടെ, ക്രിസ്ത്യാനിയാകട്ടെ, മുസ്ലീം നാമധാരികളാകട്ടെ. അവരെ നീതികരിക്കത്തക്ക നിലയിൽ നബി എന്ന് വിളിക്കാവതല്ല. ഈ സമുന്നതമായ സ്ഥാനത്തെ സമീപിക്കുവാനുള്ള വഴി സിദ്ദീഖിയ്യത്ത് എന്ന പാത മാത്രമാണ്. അഥവാ വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ സ്നേഹ വായ്പിൽ സ്വയം അലിഞ്ഞ് ഇല്ലാതാവുക എന്നതു മാത്രമാണ്. ഈ പാത സ്വീകരിക്കുന്ന

വർക്ക് **നിഴൽ** എന്ന പ്രത്യേക പദവി ലഭിക്കുകയും പ്രവാചകത്വത്തിന്റെ മേലങ്കി അണിയുവാനുള്ള ഭാഗ്യം ലഭിക്കുകയും ചെയ്യുന്നു. അതായത് വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ആത്മീയ പ്രതിബിംബമായി തീരുന്നു. മുഹമ്മദ് (സ) യോടുള്ള ആത്മാർത്ഥ സ്നേഹ വായ്പിനാൽ, മുഹമ്മദ് (സ) യുടെ പ്രവാചകത്വത്തിന്റെ ആവരണം സ്വയം അണിയിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള പ്രവാചകത്വ വാദിക്ക് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ ഒരു ശത്രുവായി കാണുവാൻ ഒരിക്കലും സാധിക്കില്ല. കാരണം അദ്ദേഹത്തിന് ലഭ്യമായ എല്ലാ കഴിവുകളും അനുഗ്രഹങ്ങളും അദ്ദേഹത്തിലൂടെയാണ് ലഭ്യമായത്. ആയതിനാൽ അദ്ദേഹത്തിന് ലഭ്യമായ ആത്മീയ പദവി പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ മഹത്വത്തിന്റെ പ്രകടനം മാത്രമാണ്. ഒരേസമയം അദ്ദേഹത്തെ മുഹമ്മദ് എന്നും അഹ്മദ് എന്നും അറിയപ്പെടുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ മഹിത സ്ഥാനം മറ്റൊരു വ്യക്തിക്കും എത്തിപ്പിടിക്കാവതല്ല. **നിഴൽ** പ്രവാചകനും സാധ്യമല്ല. കാരണം **നിഴൽ** പ്രവാചകൻ മുഹമ്മദ് (സ) യുടെ മഹത്വവുമായി കടപ്പെട്ടിരിക്കുന്നു.

വിശുദ്ധ ഖുർആനിലെ താഴെപ്പറയുന്ന വചനം താഴെപ്പറയുന്ന നിലയിലും വ്യാഖ്യാനിക്കാവുന്നതാണ്. **"മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. എന്നാൽ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടെയും മുദ്രയുമാകുന്നു."** മുഹമ്മദ് ഈ ലോകത്തിലുള്ള ആളുകളുടെ പിതാവല്ല. എന്നാൽ പാരത്രിക ലോകത്തിലെ പിതാവാണ്. കാരണം വിധിനാൾ വരേക്കും ദൈവീക അനുഗ്രഹങ്ങൾ ജീവനോടെ നിലനിൽക്കുന്ന ഒരേ ഒരു പ്രവാചകൻ അദ്ദേഹം മാത്രമാണ്. പ്രവാചകത്വത്തിന്റെ പ്രതിഫലങ്ങളും, അനുഗ്രഹങ്ങളും, അദ്ദേഹത്തിന്റെ ഉമ്മത്തിലൂടെ ഈ ലോകത്തും തുടർന്ന് പരലോകത്തും ലഭ്യമാകുന്നതുമാണ്. കഴിഞ്ഞു പോയതും, വരാനിരിക്കുന്നതുമായ എല്ലാ പ്രവാചകന്മാരെയും കോർത്തിണക്കുന്നതും അദ്ദേഹത്തിലൂടെയാണ്. അദ്ദേഹം ആഗതനാകുന്നതിനുമുമ്പ് ഈ ലോകത്ത് പ്രവാചകന്മാർ വന്നിട്ടുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ വരവിനായി പാത ഒരുക്കുവാനാണ്. ദൈവത്തിന്റെ പ്രിയ ഭാജനത്തിന്റെ വരവ് ഈ ലോകത്തെ അറിയിക്കുവാനും, സുവിശേഷം നൽകുന്നതിനുമാണ്. അദ്ദേഹമല്ലാതെ മറ്റാരും **പ്രവാചകമുദ്രയായി** അവതരിച്ചിട്ടില്ല. ആയതിനാൽ പ്രവാചകത്വത്തിന്റെ അനുഗ്രഹം ലഭ്യമാക്കുവാൻ അദ്ദേഹത്തിലൂടെ ഓരോ പ്രവാചകനും കടന്നു പോകേണ്ടതുണ്ട് !

ഞാൻ നിങ്ങളോട് പറയുന്നു. ഞാനോ, ഹസ്രത് മിർസാഗുലാം അഹ്മദ് (അ) നിങ്ങളിൽ വന്ന സ്വതന്ത്ര പ്രവാചകൻമാരല്ലാ. കാരണം ഞങ്ങൾ പ്രവാചകന്മാരുടെ മുദ്രയായ നുബൂവ്വത്തുമായി ബന്ധിതരാണ്. ഈ നൂറ്റാണ്ടിൽ ഞാൻ വന്നിരിക്കുന്നു. ഖലീഫത്തുല്ലാഹ് ആയും മുഹ്‌യിദ്ദീൻ ആയും. അല്ലാഹു (ത) എനിക്ക് ഈ ആത്മീയ പദവികൾ നൽകിയിരിക്കുന്നു. കാരണം ഞാൻ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ൽ എന്നെ പരിപൂർണ്ണമായും പ്രവേശിപ്പിച്ചിരിക്കുന്നു. ഇങ്ങനെയാണ് പ്രവാചകന്മാരുടെ മുദ്ര എന്ന പ്രയോഗത്തിന് അർത്ഥം നിലനിർത്തുന്നത്. യേശുക്രിസ്തുവിനെ പോലെയുള്ള ഒരു സ്വതന്ത്ര പ്രവാചകന്റെ ആഗമനം (മുഹമ്മദ് (സ) ന് മുമ്പ് വന്ന ഇസ്റേയിലീ പ്രവാചകന്റെ ആഗമനം തീർച്ചയായും ഇതിന്റെ അർത്ഥത്തിന് മാറ്റം വരുത്തുന്നതാണ്.)

ദൗർഭാഗ്യവശാൽ, ഇത് പറയാതിരിക്കുവാൻ കഴിയില്ല, ഇന്നത്തെ മുസ്ലീങ്ങൾ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ സർവ്വാത്മനാ സ്നേഹിക്കുന്നു എന്ന് പറയുന്നത്, നിഷ്കളങ്കമായ പ്രഖ്യാപനമായി കരുതുവാൻ കഴിയില്ല. കാരണം അവർ ജൂത സമൂഹത്തിൽ വന്ന ഒരു പ്രവാചകന്, പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ് (സ) ക്ക് നൽകുന്നതിനെക്കാൾ വലിയ സ്ഥാനമാനങ്ങൾ നൽകുകയാണ്. അദ്ദേഹത്തിന് മുമ്പ് വന്ന നിയമവാഹകരായ പ്രവാചകന്മാർക്ക് മുൻ ഗണന നൽകുകയാണ്. ഇവിടെ ചരിത്രം ആവർത്തിക്കുകയാണ്. ഹസ്രത് ഈസ (അ) ന്റെ ജീവിതകാലത്ത്, ജൂതന്മാർ പ്രതീക്ഷിച്ചുകൊണ്ടിരുന്നത് ഏലിയ (അ) ന്റെ ശാരീരികമായ തിരിച്ചുവരവായിരുന്നു. എന്നാൽ ഈസ (അ) അവരോട് എന്താണ് പറഞ്ഞത് ? അദ്ദേഹം അവരെ ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചു. ഏലിയാ (അ) സ്വർഗ്ഗത്തിൽ നിന്നും അവരെ സഹായിക്കുവാൻ ഒരിക്കലും ഇറങ്ങി വരില്ല. യഥാർത്ഥത്തിൽ ഏലിയാവിന് പകരമാണ് ഹസ്രത് യഹ്‌യ (അ) ഏലിയായുടെ രണ്ടാം വരവായി ആഗതനായത്. യഹ്‌യ (അ) ഏലിയാ (അ) ന്റെ ആത്മീയ പ്രതിബിംബമായിരുന്നു. **നബി എന്ന വാക്കിന്റെ അർത്ഥത്തെക്കുറിച്ച് ചിന്തിക്കുക. ദൈവീക ഉറവിടത്തിൽ നിന്ന് അജ്ഞാതമായ അറിവുകൾ കൊണ്ടുവന്ന് ജനങ്ങളുടെ മുമ്പാകെ പറയുന്നവൻ എന്നാണ് നബി എന്ന വാക്കിന്റെ അർത്ഥം.** അത്തരം അറിവുകൾ പറയുന്ന ആളിനെ നബി എന്നു പറയാം. അഥവാ പ്രവാചകൻ എന്നു പറയാം. അതേ സമയം അദ്ദേഹം ഒരു റസൂലും ആയിരിക്കും. കാരണം അല്ലെങ്കിൽ ദൈവീക ഉറവിടത്തിൽ നിന്ന് അജ്ഞാത അറിവുകൾ പുറ

ത്തെടുക്കുവാൻ അദ്ദേഹത്തിന് കഴിയില്ല. കാരണം അടുത്ത വചനത്തിൽ പറയുന്നു. **" (അവൻ) അദൃശ്യകാര്യങ്ങൾ അറിയുന്നവനാണ്. അവന്റെ ഗോപ്യമായ അറിവ് ആർക്കും വെളിപ്പെടുത്തി കൊടുക്കുന്നതല്ല. അവൻ തൃപ്തിപ്പെടുന്ന (അവന്റെ ഒരു ദൂതനല്ലാതെ) തീർച്ചയായും അവൻ ആ ദൂതന്റെ മുന്നിലും പിന്നിലും കാവൽക്കാരെ ഏർപ്പെടുത്തുന്നതാണ്."** (72:27,28)

വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ വഫാത്തിന് ശേഷം ഒരു പ്രവാചകനും ഒരിക്കലും വരില്ലായെന്നുള്ള വിശ്വാസം, അല്ലാഹുവിന്റെ അനുഗ്രഹമാകുന്ന വെളിപാടുകളിൽ നിന്നും ദൈവീക സംഭാഷണങ്ങളിൽ നിന്നും മുസ്ലീങ്ങൾ പൂർണ്ണമായും അകറ്റപ്പെട്ടിരിക്കുന്നു എന്ന വിശ്വാസമായി മാറുന്നതാണ്. ഞാൻ തൊട്ടുമുമ്പ് പാരായണം ചെയ്ത വചനങ്ങൾ അനുസരിച്ച്, അല്ലാഹു (ത) തന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുകയില്ല. തന്റെ ദൂതൻമാർക്കല്ലാതെ ! ആയതിനാൽ ആരാണോ ദൈവത്തിന്റെ സന്ദേശവാഹകൻ, അവൻ ഒരു റസൂൽ ആകുന്നു. വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ വഫാത്തിനുശേഷം, ലോകാവസാനം വരേക്കും, പുതിയ നിയമവുമായി ഒരു പ്രവാചകനും വരാവതല്ല. ഈ രണ്ട് വ്യത്യാസങ്ങൾ നാം അറിയണം. വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ വഫാത്തിനുശേഷം വരുന്ന പ്രവാചകന്മാർ, അവർ മുഹമ്മദ് (സ) യുടെ ആത്മീയ വിഹായസിൽ അലിഞ്ഞു ചേരുന്നവരാണ്. അവർ അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെടുന്നവരുമാണ്. അവർ മുഹമ്മദ് (സ) യുടെ ശിഷ്യ പ്രവാചകന്മാരുമായിരിക്കും. ഈ വ്യവസ്ഥകൾ പൂർത്തിയാക്കാത്തവർ കപട വേഷധാരികളായിരിക്കും. പ്രവാചകന്മാരുടെ സീൽ എന്ന പ്രയോഗം, മുഹമ്മദ് (സ) യും പ്രവാചകനായി വാദിക്കുന്നവരും തമ്മിൽ പരിപൂർണ്ണമായ ഒരു കൂടിച്ചേരൽ അനിവാര്യമാക്കുന്നു. വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ സകല ഗുണഗണങ്ങളും ഒരു കണ്ണാടിയിലെന്നപോലെ, ഈ വാദിയിലും നിഴലിക്കണം. അപ്പോൾ മാത്രമേ നബി എന്ന് പറയുവാൻ കഴിയുകയുള്ളൂ. പ്രവാചകന്മാരുടെ മുദ്ര അപ്പോൾ മാത്രമേ അവിടെ പതിയുകയുള്ളൂ. അങ്ങനെ വിശുദ്ധ നബി (സ) യുടെ പ്രതിബിംബമായി മാറുന്നു. ആ വ്യക്തിക്ക് തന്റേതായ ഒരു വ്യക്തിത്വവും ഉണ്ടായിരിക്കില്ല. സമസ്തവും തിരുനബിയുടെ പ്രതിരൂപമായി മാറുന്നു. മുഹമ്മദ് തന്നെ എന്ന് പറയാവുന്നതാണ്.

ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെ സത്യത മുസ്ലീം ലോകത്തിന് തിരിച്ചറിയുവാനുള്ള സഹായം അല്ലാഹു (ത) നൽകട്ടെ. ഈ നൂറ്റാണ്ടിൽ ആഗതരായ ഈ വിനീത ദാസനെയും തിരിച്ചറിയുവാൻ അല്ലാഹു സഹായിക്കട്ടെ ഞങ്ങൾ ആഗതരായത് പ്രവാചകത്വത്തിന്റെ മുദ്ര ഇല്ലാതാക്കുവാനല്ല. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ മഹത്വവും സവിശേഷമായ വിലയും ലോക സമക്ഷം വീണ്ടും തെളിയിക്കുവാനാണ്. ഞങ്ങൾ മുഹമ്മദ് (സ) യുടെ അനുസരണയുള്ള അനുയായികളാണ്. അല്ലാഹുവിന്റെ അനന്തമായ അനുഗ്രഹത്താൽ ഈ അതിവിശിഷ്ഠനായ പ്രവാചകന്റെ പ്രകാശമാണ് ഞങ്ങൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്. ഹേ! മുസ്ലീങ്ങളെ സത്യം സമാഗതമായിരിക്കുന്നു. അതിനാൽ ഇസ്ലാം, നമ്മുടെ ഇസ്ലാം നവീകരിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ മഹത്തായ അധ്യാപനങ്ങൾ ആരാലും ചവിട്ടി മെതിക്കാവതല്ല. ഈ സുപ്രധാന ജോലിയിൽ അല്ലാഹു നമ്മെ സഹായിക്കട്ടെ ! ഇസ്ലാം ഒരു നിർണ്ണായക ഘട്ടത്തിലൂടെ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ ശക്തമായ സഹായത്താൽ നാം ആണ് അതിനെ പുതിയതാക്കേണ്ടത്. ഇൻശാ അല്ലാഹ്! ആമീൻ.


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*